K23U 1094

Reg. No.: ................................

Name : ...................................

# IV Semester B.A./B.Sc. Degree (CBCSS-OBE – Regular/Supplementary/ Improvement) Examination, April 2023
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 4A10 MAL : ദൃശ്യകലാസാഹിത്യം

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ കഥകളി എന്ന ദൃശ്യകലാരൂപത്തിന്റെ മുഴുവൻ സവിശേഷതകളും ഉൾകൊള്ളുന്ന ഒന്നാണ് – വിശദീകരിക്കുക.

2) തുള്ളലിനെ ഇത്രമേൽ ജനകീയമാക്കിയത് പറച്ചിലിലെ സത്യസന്ധതയാണ്. സഭാപ്രവേശം മുൻനിർത്തി വിശകലനം ചെയ്യുക.

3) അവതരണത്തിലെ വൈവിധ്യവും പ്രമേയത്തിലെ പുതുമയുമാണ് പരീക്ഷണ നാടകങ്ങളുടെ കരുത്ത്. ആ മനുഷ്യൻ നീ തന്നെ മുൻനിർത്തി ചർച്ച ചെയ്യുക.

4) മലയാള സിനിമാചരിത്രത്തിലെ ഒരു വിച്ഛേദമായിരുന്നു കൊടിയേറ്റം – വിശകലനം ചെയ്യുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

5) കർണ്ണന്റെ ദാനശീലവും സത്യസന്ധതയും – കർണ്ണഭാരം നാടകത്തിന്റെ പശ്ചാത്തലത്തിൽ വിശദീകരിക്കുക.

6) ''പണ്ടു നീ നമ്മേക്കയർകൊണ്ട് കെട്ടിക്കൊണ്ടു കയത്തിൽ പിടിച്ചുമറിച്ചു അങ്ങനെ ചെയ്തൊരു ദുര്യോധന ! നീ ഇങ്ങനെ വെള്ളത്തിൽ മുങ്ങിടവേണം''. ഇങ്ങനെ പറയാൻ ഉണ്ടായതിനു പിന്നിലെ കഥ എന്ത് ?

7) ''നിന്നസ്ത്രം ഫലിക്കയ്ക്ക വേണ്ടളവിൽ'' എന്ന് കർണ്ണന് ലഭിക്കുന്ന ശാപത്തിനു പിന്നിലെ സൂചിത കഥയെന്ത് ?

P.T.O.

8) ''പാഥസാം നിചയം വാർന്നൊഴിഞ്ഞളവും
സേതുബന്ധനോദ്യോഗമെന്തെടോ''. ആശയം വ്യക്തമാക്കുക.

9) സിനിമ ആരുടെ കലയാണ് ? (സംവിധായകൻ- നടൻ- തിരക്കഥ) പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

10) സഭാപ്രവേശത്തിൽ ദുര്യോധനനെ കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ചത് ഏതു വിധത്തിലാണ് ? **(4×3=12)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

11) വടക്കേ മലബാറിലെ മനുഷ്യരുടെ ജീവിതസംസ്കാരങ്ങളെ രൂപപ്പെടുത്തുന്നതിൽ തെയ്യത്തിന്റെ സ്വാധീനമെന്ത് ? വിശദമാക്കുക.

12) നളകഥാഖ്യാനം മഹാഭാരതത്തിൽ നിന്ന് നളചരിതം ആട്ടക്കഥയിലേക്കു വരുമ്പോൾ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെ ?

13) വിശ്വാസവഞ്ചനയ്ക്ക് പാത്രമായ കഥാപാത്രമാണ് ഊറിയ – വിലയിരുത്തുക.

14) തുള്ളൽ എത്ര വിധമുണ്ട് ? ഏതൊക്കെ ?

15) ''കണ്ണുള്ളത് തുറക്കാൻ മാത്രമല്ല അടയ്ക്കാൻ കൂടിയാണ് ''. എന്താണ് സന്ദർഭം ?

16) ഉമ്മറത്തെപ്പല്ലുകൊണ്ടു ചിരിക്കും നമ്മളെക്കണ്ടാൽ
ഉള്ളിലെപ്പല്ലുകൾ കൊണ്ടിട്ടിരുമ്മും ആര് ? ആരോട് പറഞ്ഞു ? **(4×2=8)**

IV. ഏതെങ്കിലും **4** എണ്ണത്തിന് കുറിപ്പുകൾ തയ്യാറാക്കുക.

17) തുള്ളൽ

18) തിരക്കഥ

19) തെയ്യം

20) ദാവീദ്

21) ആട്ടക്കഥാസാഹിത്യം

22) സമാന്തര സിനിമ. **(4×1½=6)**

KANNUR UNIVERSITY